(ബി) ഐ.പി.സി. 143,147, 148, 149, 323, 332, 341, 431 തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം ചാർജ്ജ് ചെയ്ത വിവിധ കേസ്സുകളാണ് പിൻവലിച്ചത്.

(സി) പിൻവലിച്ച കേസ്സുകളിലൊന്നും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പ്രതിയായിട്ടില്ല.

(ഡി)&(ഇ) ബാധകമല്ല.

88 (88) പുതിയ ഡിവൈ.എസ്.പി. ആഫീസുകൾ ആരംഭിക്കുന്ന നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പുതുതായി ഡിവൈ.എസ്.പി. ആഫീസുകൾ ആരംഭിക്കാൻ ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) വർക്കലയിൽ ഒരു ഡിവൈ.എസ്.പി. ആഫീസ് ആരംഭിക്കാൻ അടിയന്തിരമായ ഉത്തരവു നൽകുമോ;

(ഡി) വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)-(സി) പുതുതായി ഡിവൈ.എസ്.പി. ആഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരിശോധനയിലാണ്.

(ഡി) ഇല്ല.

89 (89) പോലീസ് സ്റ്റേഷൻ അതിർത്തി മാറ്റുന്ന നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട് മടക്കര പ്രദേശങ്ങളിൽ മാടാലി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നിന്നും മാറ്റി കണ്ണപുരം പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ ഉൾപ്പെടുത്താനുള്ള നോട്ടിഫിക്കേഷൻ വൈകാനുള്ള കാരണമെന്താണ്;

(ബി) ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഇക്കാര്യത്തിൽ വേഗത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)കണ്ണൂർ ജില്ലയിൽ മാടാലി എന്ന പേരിൽ പോലീസ് സ്റ്റേഷൻ നിലവിലില്ല. എന്നാൽ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട്, മടക്കര എന്നീ പ്രദേശങ്ങൾ പയങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

കണ്ണപുരം പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വിജ്ഞാപനം താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

90 (90) പോലീസ്സേനാ അംഗങ്ങളുടെ പരിശീലന പരിപാടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സി.കെ. രാജേന്ദ്രൻ :

(എ) സംസ്ഥാനത്ത് മെച്ചപ്പെട്ടതും മാതൃകാപരവുമായ ജനസമ്പർക്കം ഉദ്ദേശിച്ചുകൊണ്ട് പോലീസ് സേനാംഗങ്ങളുടെ പരിശീലന പരിപാടിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പോലീസ് സേനാംഗങ്ങളുടെ പുതിയ പരിശീലന പദ്ധതി സംസ്ഥാനത്ത് എന്നുമുതൽ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ പദ്ധതി പ്രകാരം പരിശീലനം പൂർത്തിയാക്കിയ പോലീസ് സേനാംഗങ്ങളെ എന്നുമുതൽ ജോലിക്ക് നിയോഗിക്കാനാകും എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യ മാറ്റങ്ങൾക്ക് അനുസൃതമായി പൊതുജനങ്ങളുമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സമ്പർക്കം പുലർത്തുന്നതിലേക്കായി പോലീസ് സേനാംഗങ്ങളുടെ പരിശീലനത്തിൽ കാതലായ മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്. പരിശീലന ക്ലാസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി)&(ഇ) 1.12.1998-ൽ പരിശീലനം തുടങ്ങിയ ബാച്ചുമുതൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ജോലിയ്ക്ക് നിയോഗിക്കാനാകും.

91 (91) കെ.എ.പി. ബെറ്റാലിയനിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. അഞ്ചാം ബറ്റാലിയനിലേയ്ക്ക് കോൺസ്റ്റബിൾ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ:

(ബി) എങ്കിൽ പി.എസ്.സി. വിജ്ഞാപന സമയത്ത് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly